
TECH- E

# N S S G H S PERUNNA
# 2019-2020

സരസ്വതീ നമസ്തുഭ്യം
വരദേ കാമരൂപിണി
വിദ്യാരംഭം കരിഷ്യാമീ
സിദ്ധിർ ഭവതുമേ സദാ.



# ആചാര്യാനുസ്മരണം



**മ**ഹിതസേവന മന്ദാരദാരുവിൽ

മലർവീരിച്ച മരതകച്ഛായയിൽ

അവശലോകത്തെ ആനയിച്ചാനയിച്ച

വധിയില്ലാത്തെ ശാന്തിയേകി സ്വയം

അനുദിനം മാനവോത്ക്കർഷകീർത്തിതൻ

അടിയുറപ്പിനായ് അർപ്പിച്ച ജീവിതം

വിലസും ഉജ്ജ്വലതാരകനായക

വിമല ദീപമേ നീണാൾ ജയിക്കനീ...............

നീണാൾ ജയിക്കനീ................

# ആശംസകൾ

മാറുന്ന തലമുറയുടെ പുതുശബ്ദം ഡിജിറ്റൽ മാഗസിൻ '*Tech*'*E*'

അണിയിച്ചൊരുക്കിയ എൻ .എസ്സ്. എസ്സ് ഗേൾസ് ഹൈസ്കൂൾ

പെരുന്നയിലെ കുട്ടികൾക്ക് എല്ലാ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്

മിനി. പി. ജി

# ആശംസകൾ

E - സാങ്കേതിക വിദ്യകളെ വിദ്യാഭ്യാസമേഖലയിൽ ഗുണപരമായി ഉപയോഗിക്കുന്നത് ആഹ്ലാദം നലകുന്ന കാര്യമാണ്. കുട്ടികളിലെ സർഗ്ഗാത്മകതയെ E-സാങ്കേതിക വിദ്യയുമായി യോജിപ്പിച്ചുള്ള പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബുകൾ സാധ്യമാക്കുന്നത്. പെരുന്ന എൻ എസ്സ്.എസ്സ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിൻെറ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന *Tech›E*എന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ

ആർ. ഹരിശങ്കർ

**മലയാള അധ്യാപകൻ**

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : മിനി പി.ജി

സ്റ്റാഫ് എഡിറ്റർ : ലത ഗോപാലകൃഷ്ണൻ

സ്റ്റുഡന്റ് എഡിറ്റർ : ശ്രീലക്ഷ്മി രതീഷ്

## അംഗങ്ങൾ

ഐശ്വര്യ ജയകുമാർ

അപർണ്ണ നായർ

നീമ സുരേഷ്

സൂര്യാ സുരേഷ്

ബ്രിൻറ്റാ സിബിച്ചൻ

വൈഷ്ണവി രതീഷ്

ബിൻസി ജോസഫ്

രേഷ്മ രാജേഷ്

## ഉപദേശകസമിതി

ആർ ഹരിശങ്കർ

പി.എസ്.ശോഭന

എസ്.ശ്രീലത

ആർ രമ്യ

വിദ്യാ കൃഷ്ണൻ

അനുപ എം

രാജലക്ഷ്മി

ആർ അനൂപ്

## താളുകളിലൂടെ


Uses of Digital Magazine - 1
എൻ്റെ ഗ്രാമം -2
Importance of Yoga -3
കടംകഥകൾ -4
ഓണസ്സദ്യ -5
Can You? -6
Tooth Brush -7
Goosey Goosey Goosey -8
മഹാത്മഗാന്ധി -9
കമ്പ്യൂട്ടിർ - 10
DID YOU KNOW -11
Facts -12
DID YOU KNOW -13
ആഗോളതാപനം -14
അന്ത്യദിന ഘടിക്കാരം -15
Environment -16
Corona Virus -17

Kathakali -18
ഒ. എൻ. വി. കുറിപ്പ് -19
Light Thy Lamp -20
ഉന്മേഷദായകം കാരമ്പോള -21
ശിശുദിനം -22
Science Quiz -23
Maths Quiz -24
My Grandmother's House -25
കവിതകൾ -26
Computer Quiz -27
കണക്കിലെ കളികൾ -28
ഗണിത കൗതുകം -29
കഥകൾ

# ***Uses of Digital Magazine***

Now a day peoples search online publication. The no of online readers has increased and this ultimately improved the scope for the digital publication. Digital magazine is more appealing and exciting today and the simpleness to share this publication has made it more popular. Now most magazines and books are offered for online access.

The digital magazines are less expensive, have wide reach and deliver an improved profit on investment. Viewers looking for any type of information can quickly reach the digital magazines.

Online magazines are much more valuable then normal ones. Online digital magazines also allow publishers to include video, audio, links, bookmarks, search and additional features.

# എന്റെ ഗ്രാമം

മനോഹാരിതേ മഹനീയതേ
നീയാണെൻ നാട്
നെൽപാടങ്ങളാൽ പച്ചപ്പേകി
മനസ്സിൽ കിളിർക്കും നിൻനാമം......



കേരം തിങ്ങും എൻ നാടിൻ
നെല്ലുകൾ വിരിയും പാടത്ത്
പാതയിൽ കാണാം ഒരു വീട്
എൻ ഗ്രാമത്തിൻ സ്വഭാവം......



# യോഗ:

## മനശ്ശാന്തിയും രോഗശാന്തിയും

### യോഗയുടെ ലക്ഷ്യങ്ങൾ



1) വ്യക്തിയുടെ / വിദ്യാർത്ഥിയുടെ അന്തർലീനമായ കഴിവുകളെ പുറത്തു കൊണ്ടുവരുന്നു.
2) കലാ - കായിക വിദ്യാഭ്യാസരംഗങ്ങളിൽ മികവ് പുലർത്താൻ സഹായിക്കുന്നു.
3) ജീവിത സാഹചര്യങ്ങളോടുള്ള സമീപനം നല്ല രീതിയിലറക്കാൻ സാധിക്കുന്നു.
4) വിദ്യാർത്ഥികളിൽ ഓർമ്മശക്തി, ബുദ്ധിശക്തി, ഏകാഗ്രത, ഭാവന എന്നിവ ഉണർത്തുവാൻ സാധിക്കുന്നു.
5) വിദ്യാർത്ഥികളെ ലഹരിഉപയോഗങ്ങളിൽ നിന്നും മുക്തി നേടാൻ സഹായിക്കുന്നു.



# കടങ്കഥകൾ

1)അകത്ത് തിരിതെറുത്തു പുറത്ത് മുട്ടയിട്ടു - കുരുമുളക്

2)അകമില്ല, പുറമില്ല ഞെട്ടില്ല -പപ്പടം

3)അടയ്ക്കും തുറക്കും കിങ്ങിണി പത്തായം- കണ്ണ്

4)അടയുടെ മുമ്പിൽ പെരുമ്പട- തേനീച്ചക്കൂട്

5)അടി മദ്ദളം ഇല ചുക്കിരികായ് കൊക്കര-പുളിമരം

6)അടുക്കള കോവിലിൽ മുന്നുണ് ദൈവങ്ങൾ-അടുപ്പ്

7)അട്ടത്തുണ്ടൊരു കൊട്ടത്തേങ്ങ തച്ച് പൊളിക്കാൻ കത്തിയാളില്ല -അമ്പിളിമാമൻ

8)അപ്പം പോലെ ഒരു ഉണ്ട, അല്പം മാത്രം തല -ആമ

9)ആ പോയി  ഈ പോയി കാണാനില്ല- മിന്നാമിനുങ്ങ്

10)കത്തീട്ടും കത്തീട്ടും കെടാത്തവിളക്ക്- സൂര്യൻ



# ഓണസ്സദ്യ

ഓണം വന്നു കുടവയറാ
ഓണസ്സദ്യയ്ക്കെന്തെല്ലാം
മത്തൻകൊണ്ട് എരിശ്ശേരി
മാമ്പഴമിട്ട പുളിശ്ശേരി
കാച്ചിയമോര് നാരങ്ങാക്കറി
പച്ചടി കിച്ചടി അച്ചാറ്
പപ്പടമുണ്ട് പായസമുണ്ട്
***ഉപ്പേരികൾ പലതുണ്ട്***



5

# CAN YOU?

**1) Who is called the founder of vector analysis?**

**Ans. J Willard Gibbs**

**2)Who invented logarithams?**

**Ans. John Napier**

**3)Which geometrical shape is observed in a honey comb?**

**Ans. Hexagon**

**4)What is the first 700 odd number?**

**Ans. 4900**

**5) Who discovered the theory of probability?**

**Ans. Basic pascal**

**6) What is the probility of an impossible event?**

**Ans. Zero**

**7)Who invented decimal point?**

**Ans. Napier J**

**8)The sum of angle of a triangle is?**

**Ans.180**

**9)How many times can you subtract 100 from 2000?**

**Ans. Only once!**

**10)Who was the first to investigation in biology.**

*Ans.  Francis Galton*



# Tooth Brush


*I have a little tooth brush*
*I have it very tight*
*To brush my teeth every*
*morning , And then again at night*
*Till all are shining,*
*clean and bright*

7

# Goosey  Goosey Goosey

*Goosey goosey gander*
*where shall wander?*
*Upstairs and downstairs*
*And in my lady's chamber*
*There I met an old man,*
*who would not say his prayers*
*I took him by the left leg*
*And threw him down the stairs*

# മഹാത്മാ ഗാന്ധി



മോഹൻദാസ് കരം ചന്ദ് ഗാന്ധി അഥവാ
മഹാത്മാഗാന്ധി 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ
പോർബന്തറിൽ ജനിച്ചു.
ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവു
വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ 'രാഷ്ട്രപിതാവ്" എന്ന്
അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു അഹിംസയിലൂന്നിയ
സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും
ഗാന്ധിശ്രദ്ധേനായി
മഹത്തായ് ആത്മാവ്  എന്നർത്ഥം വരുന്ന മഹാത്മ
അച്ഛൻ എന്നർത്ഥം വരുന്ന ബാപ്പു എന്നീ
നാമവിശേഷണങ്ങളിൽ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള
സാന്നിധ്യം വ്യക്തമാക്കുന്നു
കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കൾ
ദർശനികനായും
ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു. ഏറ്റവും കഠിനമായ
പ്രതിസന്ധിഘട്ടങ്ങളിലും സത്യം അഹിംസ എന്നീ
മൂല്യങ്ങളിലും
അടിയുറച്ചു പ്രവർത്തിക്കുവാനും ജീവിതചര്യയാക്കിമാറ്റുന്നതിനും
മഹാത്മാഗാന്ധി ശ്രദ്ധിച്ചു.

**എന്റെ ജീവിതമാണ് എന്റെ സന്ദേശം- ഗാന്ധിജി**

*Teche*



# കമ്പ്യൂട്ടർ

1) ബൈനറി നമ്പർ സിസ്റ്റത്തിൽ ഉപയോഗിക്കുന്ന അക്കങ്ങൾ ഏതൊക്കെ?

A.0,1 B.0,8

C.0,9 D.0,16

ഉത്തരം: A

2) ഫ്ളോപ്പി ഡ്രൈവിലേക്ക് ഏതു അക്ഷരമാണ് ഉപയോഗിക്കുന്നത്?

A. C: B. F:

C. G: D. A

ഉത്തരം: A

3) ഒരു പ്രസന്റേഷൻ സൃഷ്ടിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏത്?

A. മൂവി മേക്കർ B. പവർ പോയിൻറ്

C. വേർഡ് D. ഡേറ്റ ബേസ് ആപ്ലിക്കേഷൻ

ഉത്തരം: B



4) ഒരു കേബിളിലൂടെ കടത്തിവിടുന്ന ഡേറ്റയുടെ അളവിനെ എന്താണ് പറയുന്നത്?

A. ഇൻബോക്സ് B. ഡ്രാഫ്റ്റ്

C. സെൻറ് ഐറ്റം D. കംബോസ്

ഉത്തരം: D

5) ഒരു പേഴ്സ്ണൽ കംപ്യൂട്ടർ ഏതു തരം കംപ്യൂട്ടർ ആണ്?

A. സൂപ്പർ B. മെയിൻ ഫ്രെയിം

C. മിനി D. മൈക്രോ

ഉത്തരം:D

# DID YOU KNOW?

1) Hippos show that they claim a territory by ‘Yawning’.

2) Monkeys can be divided into two groups, Old world and New world monkeys.

3) In platypus, found in Australia and Tansmamais one of the few mammals that lays ‘eggs’.

4) The leg bones of a bat are so thin that no bat can walk.

5) Turtles, water snakes, alligators, dolphins, whales, and other water going creatures will drawn if kept underwater too long.

6) Deer have no gall bladders.

7) Almost half the pigs in the world are kept by farmers in china.

8) Gorillas can catch human cold and other illnesses.

## *12*
# *Facts*

1) If sugar is added to a glass of
water and an egg is then added,
the egg will float in the water.

2) Ayurveda is the earliest school
of medicine known to man kind.
The father of medicine Charaka,
consolidated Ayurveda 2500 years ago

3) Grasshoppers have white blood.

4) The water pressure inside every
onion cell would be sufficient
to explode a steam engine.

# DID YOU KNOW?

**John Glenn was the 1st American to eat food in space. Guess what he ate? Apple sauce squeezed out of a tube!**

**A Jerusalem artichoke is not an artichoke, nor is it native to Jerusalem. It is a small root vegetable, which looks like a potato!**

**In Ancient Egypt, mummies brains were removed through their noses**

**A sneeze travels almost 100miles per hour.**

# ആഗോളതാപനം




അന്തരീക്ഷത്തിലെത്തുന്ന ഹരിതഗൃഹവാതകങ്ങളുടെ അളവ് ഏറുകയാണ്. ആഗോളതാപനത്താന് ആക്കം കൂട്ടിക്കൊണ്ട് പുതിയയൊരു പഠനം മുന്നറിയിപ്പ് നൽക്കുന്നു. ആഗോളതാപനത്തെപ്പറ്റി ആശങ്ക എത്ര വർദ്ധിച്ചിട്ടും അന്തരീക്ഷത്തിലെത്തുന്ന ഹരിതഗൃഹവാതകങ്ങൾക്ക് കുറവ് വന്നിട്ടില്ല. വാതകവ്യാപനത്തിൻെറ തോത് കാര്യമായി വർദ്ധിക്കുകയും ആഗോളതാപം തടയാൻ ഉദ്ദേശിച്ച് നിലവിൽവന്ന ക്യോട്ടൊ ഉടമ്പടി വേണ്ടത്ര ഗുണം ചെയ്തിട്ടില്ല ഹരിതഗൃഹവാതകമായ കാർബൺഡൈയോക്സൈ്ഡിൻെറ സാന്ദ്രത അന്തരീക്ഷത്തിൽ അരശതമാനം വീതം ഓരോവർഷവും കൂടിയിരിക്കുന്നു.

കാർബൺഡൈ ഓക്സൈഡിൻെറ പങ്ക്

സൂര്യനിൽ നിന്നെത്തുന്ന താപത്തെ അന്തരീക്ഷത്തിൽ തടഞ്ഞുനിർത്തുന്നത് ഹരിതഗൃഹവാതകങ്ങളാണ്. ഈ വാതകങ്ങൾ ഇല്ലായിരുന്നെങ്കിൽ ഭൂമി തണുത്തുവിറയ്ക്കുമായിരുന്നു. ഭൂമിയിൽ ജീവൻെറ നിലനിൽപ്പ് അസാധ്യമായേനെ

നിലവിൽ അന്തരീക്ഷത്തിൽ 78 ശതമാനവും നൈട്രജനാണ്. 20.9 ശതമാനം ഓക്സിജൻ ഇതുമായി താരതമ്യം ചെയ്താൽ ഹരിതഗൃഹവാതങ്ങളിൽ പ്രധാനിയായ co2 ൻെറ തോത് വളരെ പരിമിതമാണ്

co2 ൻെറ അളവ് അന്തരീക്ഷത്തിൽ വർദ്ധിക്കുന്നു എന്നത് വളരെ ഗൗരവത്തിൽ കാണേണ്ട സംഗതിയാണ്. വ്യവസായിക വിപ്ലവം ഇതിനൊരു കാരണമാണ്

ആഗോളതാപനം മൂലം ഭൂമിയുടെ ഉപരിതലതാപനില 2014 ൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തലത്തിൽ എത്തിച്ചേരും ഇത് പരിസ്ഥിതി വ്യവസ്ഥകൾ, ജൈവവൈവിധ്യങ്ങൾ, മനുഷ്യജീവിതം എന്നിവയിൽ ദോശകരമായ ഫലങ്ങൾ ഉണ്ടാക്കും.

**15**


# അന്ത്യദിന ഘടികാരം

**ലോകം നേരിടുന്ന കടുത്ത ഭീഷണികളുടെ ഒരു പ്രക്ഷേപം ഭരണാധികാരികളേയും നേതാക്കളേയും ബോധ്യപ്പെടുത്തുന്നതിനുള്ള ഒരു പ്രതീകം ഏർപ്പാടാണ് അന്ത്യദിനഘടികാരം. 1947 ൽ അമേരിക്കയിലെ ഷിക്കാഗോ സർവകലാശാലയിണ് ഘടികാരം സ്ഥാപിച്ചത്.**

# Environment

The environment with its treasures all so countless to measure fish and whales in the deep blue waters life in the sea, so alive Grassland
and forests with terrestrial life cold freezing maintain peaks and not, tiring deserts life among the trees and sands so alive. Sky so blue with air so den only sun moon and stars to see eagles and vultures take their life in the sky, so alive turn.

# CORONA VIRUS



***Corona Viruses are a group of viruses that cause diseases in mammals and birds that include diarrhoea in cows and pigs, and upper respiratory diseases in chickens. In humans, the virus causes respiratory infections, which are often mild but in rare cases are potentially lethal.***

# Kathakali



Kathakali is one of the most stylised dramatic art in India. Kathakali, the magnificient art piece of Kerala has got an elaborate make-up code and characters are categorised according to their nature. The technique of Kathakali included a highly developed language of gestures. The body movements and the footworks are important. The most important feature is the facial expressions, especially of eyes. The dancers wear large head dresses, and the contour of face are extended with moulded lime. The extra ordinary costumes and make-up serve to raise the participants above the level of mere mortals.  A traditional kathakali performance begins in the evening and continues throughout the night. The three styles of kathakali are the vettathunadu sampradayam , kalladi-kodam sampradayam and kaplingadu sampradayam.



# ഒ.എൻ.വി കുറുപ്പ്



*1931-ൽകൊല്ലം ജില്ലയിലെ ചവറയിൽ*

*ജനിച്ചു.*

നാടൻ ശീലുകളോടുള്ള അഭിമുഖ്യം,
ഗാനാത്മകത, ലയഭംഗി,
ആശയസമ്പുഷ്ടി എന്നിവ ഒ.എൻ.വി. കവിതകളുടെ
സവിശേഷ-
തകളാണ് .
ചലച്ചിത്രഗാന രചയിതാവാണ്.
പ്രധാന കൃതികൾ:- ഒരുതുള്ളിവെളിച്ചം, മയിൽപ്പീലി,
അഗ്നിശലഭങ്ങൾ, കറുത്ത പക്ഷിയുടെ പാട്ട്, ഉജ്ജയിനി,
ഭൂമിക്കൊരു ചരമഗീതം, അക്ഷരം, ഉപ്പ്.
കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ
ലഭിച്ചിട്ടുണ്ട്.

# ***LIGHT THY LAMP***



**W**ith all the valour and vigour she stood
When I slept into my new habitat.
I was watching her majestic figure
With all the branches occupied.

**A**ll the occupants were relishing
the frnit of her knowledge
And...the premises of darkness
Were enfolder with the fragrance of her love

**L**ittle birds enjoyed her tender caress
We the sapling went towards her
to get her warmth of love,
to find shelter in her shadow

**S**he stood nonchalantly before all the difficult
Which churns all the troubles into fine power
Seasons…...went on……
Now….. the season of migration

**S**he was there to welcome all the new ones
She was there to bid farewell to the migrating ones.
But still we sigh in relaxation
No mighty powers can cut off her roots

# ഉന്മേഷദായകം കാരമ്പോള

കാരമ്പോള സ്റ്റാർഫ്രൂട്ട്, ചതുരപ്പുളി എന്നിങ്ങനെ പല വിളിപ്പേരുകളിലറിയപ്പെടുന്ന "അവറോവ കാരമ്പോള" ഈർപ്പം നിറഞ്ഞ ഉഷ്ണമേഖലപ്രദേശങ്ങളിൽ കൃഷിച്ചെയ്യുന്ന ചെറുഫലവൃക്ഷമാണ് ഇൻഡോചൈനീസ് ഇൻഡോനീഷ്യൻ സ്വദേശി. കേരളത്തോട് ചേർന്ന് കിടക്കുന്ന തമിഴ്നാട്ടിലെ കുറ്റാലമാണ് കാരമ്പോള പഴങ്ങളുടെ മൊത്തവിൽപ്പന



കേന്ദ്രം.ഈ ഫലത്തിന്റെ ആഗോണവിപണിയുടെ 50 ശതമാനം ഹോങ്കോങ്ങും 32 ശതമാനം യുറോപ്യൻ രാജ്യങ്ങളും പങ്കിടുന്നു. മലേഷ്യയാണ് ഉത്പാദനത്തിൽ മുൻപിൽ. പുളിയും ഓക്സാലിക്ക് ആസിഡും കുറവുള്ള മധുരം കൂടിയഇനങ്ങളുടെ പ്രചാരം കാരമ്പോള കൃഷിക്ക് പുത്തനുണർവ് പ്രധാനം ചെയ്തിട്ടുണ്ട്. ഉത്സവസീസണായ ക്രിസ്തുമസ് ഈസ്റ്റർ സമങ്ങളിലെ വിപണി മുന്നിൽക്കണ്ടുള്ള

കൃഷിപരിപാലനമുറകളാണ് വ്യവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുമ്പോൾ അനുവർത്തിക്കുന്നത്. കലോറിമൂല്യം കുറവുള്ളതും എന്നാൽ വിറ്റാമിൻ 'സി'യാൽ സന്തുഷ്ടവും ഉന്മേഷദായകവുമായ കാരമ്പോള പഴങ്ങൾക്ക്.



## 24
# ശിശുദിനം

ഈ ശിശുദിനത്തിൽ, ഞങ്ങൾ ഇന്ത്യയിലെ കുട്ടികൾ വീണ്ടും സ്മരിക്കുന്നു. വിടർന്ന ചിരിയോടെ ശിരസ്സിൽ ഗാന്ധിത്തൊപ്പിയും മാറത്തു പനിനീർപ്പൂവും ചാർത്തി നീണ്ടു നിവർന്നു നിൽക്കുന്ന ആ സുപരിചിതമായ രൂപം ജനലക്ഷങ്ങളെ നോക്കി കൈ വീശിക്കൊണ്ട് 'ജയ് ഹിന്ദ്' എന്നു മുഴങ്ങുന്ന ശബ്ദത്തിൽ അഭിവാദ്യം ചെയ്യുന്ന ആ തേജോമയമായ രൂപം.....അങ്ങ് സ്വാതന്ത്ര്യത്തിന്റെയും, അഭിമാനത്തിന്റെയും പ്രതീകമായിരുന്നു. ചുറുചുറുക്കാർന്ന യുവത്വത്തിന്റെയും പുരോഗതിയുടെയും ജനാധിപത്യ വിശ്വാസങ്ങളുടെയും പ്രതീകമായിരുന്നു. ഇന്ത്യയിലെ ജനങ്ങൾ മറ്റാരെയും ഇന്നോളം സ്നേഹിച്ചിട്ടില്ലാത്ത വിധം അങ്ങയെ സ്നേഹിച്ചു. അങ്ങ് ആ സ്നേഹത്തിന് തികച്ചും അർഹനായിരുന്നു. ഞങ്ങൾ ഇന്നും ലോകത്തിന്റെ മുന്നിൽ അങ്ങയെച്ചൊല്ലി അഭിമാനം കൊള്ളുന്നു. ഈ ശിശുദിനത്തിൽ, പ്രിയപ്പെട്ട ചാച്ചാനെഹ്റു, ഞങ്ങൾ, ഇന്ത്യയിലെ കുട്ടികൾ, അങ്ങയെ അഭിവാദ്യം ചെയ്യുന്നു. ഞങ്ങളുടെ ഹൃദയത്തിൽ വിടർന്ന, വാടാത്ത ഒരു ചെമ്പനിനീർപ്പൂവ് ശാന്തിഘട്ടത്തിൽ അർപ്പിച്ചു കൈ കൂപ്പുന്നു...

# സയൻസ് ക്വിസ്

1) പ്രകൃതിയിൽ കാണപ്പെടുന്ന ഏറ്റവും കാഠിന്യമേറിയ പദാർത്ഥം ഏതാണ്?
**ഉത്തരം: വജ്രം**

2) ഇരുമ്പിൻെറ ലാറ്റിൻനാമം എന്ത്?
**ഉത്തരം: ഫെറം**

3) ഏറ്റവും ഭാരം കുറഞ്ഞ വാതകം ഏത്?
**ഉത്തരം: ഹൈഡ്രജൻ**

4) ഇരുനമ്പിൽ ടിൻ പൂശുന്ന പ്രക്രിയക്ക് പറയുന്ന പേര്?
**ഉത്തരം: ടിന്നിങ്ങ്**

5) വിനാഗിരിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത്?
**ഉത്തരം: അസറ്റിക് ആസിഡ്**

# ഗണിത ക്വിസ്

1) ആര്യഭട്ടൻ രണ്ടാമന്റെ പ്രസിദ്ധമായ പുസ്തകം ഏത്?

**ഉത്തരം:മഹാസിദ്ധാന്തം**

2) ഒരു ചെസ് ബോർഡിലെ കളങ്ങളുപയോഗിച്ച് എത്ര സമചതുരങ്ങളുണ്ടാക്കാം?

**ഉത്തരം: 204**

3) രാമാനുജൻ സംഖ്യ ഏത്?

**ഉത്തരം: 1729**

4) ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞൻമാരുടെ രാജകുമാരൻ ആര്?

**ഉത്തരം: ശ്രീനിവാസൻ രാജകുമാരൻ**

5) രാമാനുജന്റെ ജനനം എന്ന്?

**ഉത്തരം: 1887 ഡിസംബർ 22**

# My Grandmother’s House



*There is a house now far away where once*
*I received love.....That woman died,*
*The house withdrew into silence, snakes moved*
*Among books, I was then too young*
*To read, and my blood turned cold like the moon.*
*How often I think of going*
*There, to peer through blind eyes of windows or*
*Just listen to the frozen air,*
*Or in wild despair pick an armful of*
*Darkness to bring it here to lie*
*Behind my bedroom door likes a brooding*
*Dog.... you cannot believe, darling*
*Can you, that I lived in such a house and*
*Was proud and loved.... I who have lost*
*My way and beg now at stranger’s doors to,*
*Receive love at least in small change?- Kamala Das*

# കവിതകൾ

## *വീണക്കമ്പികൾ*

എൻ കനകസ്വപ്നങ്ങൾ തൻ ചില്ലുകൊട്ടാരത്തിൽ
ഒരു മഞ്ഞുതുള്ളിതൻ കുളിർ സ്പർശമായി,

ഒരു കൊച്ചുതുമ്പിയായി പറന്നെത്തി നീ.......................
ഉദ്യാനപുഷ്പങ്ങളെ തലോടുവാൻ.

അടയാത്ത ജാലകപ്പഴുതിൽ തെളിയുന്നു,
വർണ്ണമേഘങ്ങൾ തൻ തുണ്ടുകളും

ഉണരുന്ന മോഹങ്ങൾ മനസ്സാം തിരശ്ശീലയിൽ
ഉഷസ്സിൻറെ വിരിമാലൂയലാടുവാൻ

അകങ്ങളിൽ നിന്നു ചിറകടിച്ചെത്തുന്ന
പൊന്നിളം കാറ്റിൻറെ സംഗീതമൊഴുകവെ

ഹൃദയത്തിൻ ചില്ലയിൽ മെല്ലെയുതിരുന്നു
ഇണ പ്രാവുകൾ പാടുന്ന പ്രേമഗീതം...............

പുലർവെളിച്ചത്തിൽ നിദ്ര വിട്ടുണരുമ്പോൾ

29

ചെയ്തൊഴിഞ്ഞീടുന്ന മഴയിൽ തകർന്നുപോയി

നിൻ ആത്മാർത്ഥതയുടെ സ്ഫടിക പാത്രം.
കൈവിട്ടുപോയ നിമിഷങ്ങളോർത്തു ഞാൻ

പെയ്തൊഴിഞ്ഞീടാത്ത കണ്ണീരിലൂടമെ,
തന്ത്രികൾ തകർന്ന വീണതൻ ദു:ഖങ്ങൾ

ശിഥിലസ്വപ്നങ്ങൾ തൻ രോദനമായിമാറി,
ആർത്തിരമ്പും കടലാം ഹൃദയത്തിൽ
വേദനയാറിത്തണുക്കട്ടെ മറവിയാൽ!

30

# കൗമാരം

ഓർക്കാൻ ഏറെ ഇഷ്ടം

ഓർമിക്കാൻ എത്രയോ കൂടുതൽ

സൗഹൃദങ്ങൾ വിരിയുന്ന കാലം

ജീവിതയാദാർഥ്യങ്ങളെ തഴുകുന്ന കാലം

ഭാവന സുന്ദരമായ കാലം

സ്വപ്നങ്ങളിൽ മുഴുകുന്ന കാലം

ബാല്യത്തെ നീക്കി ആരോ

മനസിൽ വരുന്ന കാലം

മാതാപിതാക്കളെ ഓർമ്മയിലാഴ്ത്തി

ആ സ്നേഹമാണെന്നെല്ലാമറിയുന്ന കാലം

ഒരു നാൾ നാം ഓർക്കുന്ന നമ്മുടെ ആ കാലം

എല്ലാം കഴിഞ്ഞുപോവും

സ്നേഹം, വാത്സല്യം, ജീവിതം

എല്ലാം എല്ലാം വെറും ഓർമ്മകൾ മാത്രം.................

# കർത്തവ്യം

അഞ്ചു മോൾ പി. വി.
10A

മർത്ത്യൻറെ കർത്തവ്യമെന്താണ് ?
ഒരു പൗരൻറെ കർത്തവ്യമെന്താണ് ?
മനുഷ്യനന്മയാണ് മർത്ത്യൻറെ കർത്തവ്യം
രാജ്യനന്മയാണ് പൗരന് കർത്തവ്യം
അച്ഛൻറെ കർത്തവ്യമെന്താണ് ?
ഒരമ്മതൻ കർത്തവ്യമെന്താണ് ?
കുടുംബനൻമയാണ് അചഛൻറെകർത്തവ്യം
പുത്ര നൻമയാണമ്മ തൻ കർത്തവ്യം.
പക്ഷെ, മനുഷ്യനെ മനുഷ്യൻകൊല്ലുന്ന കാലത്ത് !
പൗരൻ രാജ്യത്തെയൊറ്റുന്ന കാലത്ത് !
അച്ഛൻ കുടുംബത്തെയൊറ്റുന്നകാലത്ത് !
പെറ്റമ്മ മക്കളെ വില്ക്കുന്നകാലത്ത് !
എവിടെയാണ് മനുഷ്യനന്മ ?
എവിടെയാണ് രാജ്യനന്മ ?
എവിടെയാണ് കുടുംബനന്മ ?
ഈ ചോദ്യങ്ങൾ നമ്മോടു ചോദിച്ചതീശ്വരൻ,
ഉത്തരം നല്കാതുഴലുന്നു നമ്മളും
ഖുറാനും ബൈബിളും നല്കിയില്ലുത്തരം

ഗീതയും വേദവും നല്കിയില്ലുത്തരം.
ഉത്തരം നല്കണം ഓരോവ്യക്തിയും

മനസിൻ കോടതിയിൽ മടിക്കാതൊട്ടുമേ
ഉത്തരം നമ്മോടോതുന്ന ഹൃദയം
കർത്തവ്യപാലനം നമ്മുടെ ലക്ഷ്യം .
മർത്ത്യൻ പരസ്പരം സ്നേഹിച്ചീടണം

നൽകണം പ്രാണൻ മാതൃഭൂമിക്കായി പൗരനും
അച്ഛൻ കുടുംബത്തെ സംരക്ഷിച്ചീടണം
പോറ്റണം മക്കളെയുയിരുപോലെ മാതാവും
ഇങ്ങനെ കർത്തവ്യം നമ്മൾനിറവേറ്റുകിൽ
നിശ്ചയം നന്മയാൽ വിളങ്ങീടും പാരിടം.

# എൻറെ വിദ്യാലയം

ആര്യ പി

ഒരു വർഷ മലരിൻറെ ഇതൾ കൂടി പൊഴിയുന്നു.

യാത്രപറഞ്ഞ് അകലേയ്ക്ക് മായുന്നു.

ഓർമ്മകൾ ബാക്കിയാക്കി നടന്നകലുന്നു

താണ്ടിവന്ന നാൾവഴികൾ കാലടികളെതിരികെ വിളിക്കുന്നു.

യാത്ര പറഞ്ഞകലാൻ മടിച്ച് പലരും

ഇടനാഴികളിൽ കണ്ണീരുമായി നിൽക്കുന്നു.

പ്രണയത്തിൻറെ ഉഷ്ണവും

സൗഹൃദത്തിൻറെ കുളിർമയും

ഒരേ തുലാസിൽ തൂക്കാമെന്നു പഠിപ്പിച്ച എൻറെ കലാലയമേ.............

അറിവിൻറെ ഈ ഭൂമിയിൽ

കൈത്തിരി തെളിച്ച് എന്നെ ഞാനാക്കിയ

എൻറെ പ്രിയ കലാലയമേ...........

നന്ദി .........നിനക്കൊരായിരം നന്ദി..............

# കേരളം നമ്മുടെ നാട്

ശ്രീ ലക്ഷ്മി എസ്

8 c

കേരളം നമമുടെ നാട്

നമ്മുടെ ചോരയിലലിഞ്ഞ നാട്

വേദപുരാതന സംസ്കാരത്താൽ

കീർത്തിതമല്ലോ ഈ നാട്

കാട് കയറിയിറങ്ങിയ നാട്

മാമലതാണ്ടൊരു പൊൻനാട്

കളകളം പാടിവരുന്നീ നാട്ടിൽ

പച്ചപ്പട്ടു വിരിപ്പിച്ചല്ലോ

കേരളനാട് മാമലനാട്

നദികൾ നിറഞ്ഞൊരു പൊൻനാട്

കുണുങ്ങി വരുന്നൊരു സുന്ദരിയാണേ

കേരളനാടിൻ മണിമുത്ത്

കേരളനാടെൻ  അമ്മ

മാമലനാടെൻസ്വന്തം

കേരളനാട് മാമലനാട്

നമ്മുടെയെല്ലാം  സ്വന്തം..............

# COMPUTER QUIZ

1) Who wrote the famous book 'The Art of Computer Programming'?

**Ans: Donald Kunth**

2) Name the first ever computer magazine?

**Ans: 'Computer and Automation**

3) A famous computer pioneer was also an opium addict and a gambler. Who was it?

**Ans: Ada Lovelace**

4) What was the microprocessor used in the mark 8?

**Ans: The Intel 4004 microprocessor**

5) Which company marketed the first digital watch?

**Ans: Hewlett-Packard**

6) In which year did a computer begin playing checkers? Which was the machine?

**Ans: In 1950. The machine was Manchester's MADAM.**

7) What do the letters in APL (a high level computer language) stand for?

**Ans: A Programming Language**

8) Who invented super computer?

**Ans: Seymour Cray**

9) Which is the most powerful computer in the world?

**Ans: The Cray**

10) Where is the first 'Software Technology Park of India' situated?

**Ans: Thiruvananthapuram**



11) Which is the institute that India government established for the development of computer?

**Ans: Computer Maintenance Corporation**

12) Which is the software used for the creation of 3D animation?

**Ans: 3D studio MAX**

13) Which was the first book in PC (personal computers)? Who wrote it? When?

**Ans: Ted Nelson's book 'Computer Liberation and Dream Machine'. It was published in 1947.**

14) Which company produces the most number of robots?

**Ans: Japan**

15) Who is the lady known as the first computer programmer?

**Ans: Ada Lovelace**

# കണക്കിലെ കളികൾ

## ‘9'ന്റെ കളി

9 ൽ അവസാനിക്കുന്ന ഏതെങ്കിലും രണ്ടക്കസംഖ്യ എടിത്ത്, അക്കങ്ങളുടെ തുകയും ഗുണനഫലവും കൂട്ടിനോക്കൂ.
ഉദാഹരണമായി 29 എടുത്താൽ അക്കങ്ങളുടെ തുക

2 + 9 = 11
ഗുണനഫലം= 2 x 9= 18
ഇവ തമ്മിൽ കൂട്ടിയാൽ= 18 + 11 = 29

സംഖ്യ 10x+9 എന്നെടുത്തുനോക്കൂ.
9 അല്ലാത്ത മറ്റേതെങ്കിലും അക്കങ്ങളിൽ അവസാനിക്കുന്ന രണ്ടക്കസംഖ്യകൾക്ക് ഈ സവിശേഷതയുണ്ടോ?

10x+y=x+y+x+y എന്നതിൽനിന്ന് y കണ്ടുപിടിക്കാമോ?

# 1 ഉം 1 ഉം

# ഇമ്മിണി ബല്യ ഒന്ന്

1+2+3=6

1x2x3=6

## ഒന്നുകളും നൂറുകളും

അഞ്ച് 1 കൾ ഉപയോഗിച്ച് 100 ഉണ്ടാക്കുന്നതെങ്ങനെ?

ഉത്തരം: **111-11=100**

## ഒരു സഹോദരന് ഒരു സഹോദരി

ഒരാൾക്ക് നാല് ആൺമക്കളുണ്ട്. ഓരോ മകനും ഓരോ സഹോദരിയുണ്ടങ്കിൽ ആകെ മക്കളുടെ എണ്ണമെത്ര?

**ഉത്തരം: അഞ്ചുമക്കൾ**

# ബലിതർപ്പണം

കർക്കടക മാസത്തിലെ "കറുത്തവാവ്"ദിവസം മൺമറഞ്ഞ പ്രിയപ്പെട്ടവർക്ക് ബലിയർപ്പിക്കാൻ പുത്രപൗത്രാതികളും ബന്ധുക്കളും കടൽത്തീരത്തേക്ക് ആവേശത്തോടെ

നടന്നുപോകുന്നത് വൃദ്ധസദനത്തിലിരുന്ന് അവർ കണ്ടു.ബലിതർപ്പണത്തിന് ശേഷം കൈ കൊട്ടിവിളിച്ചപ്പോൾ എവിടെ നിന്നൊക്കയോ ബലിക്കാക്കകൾ കൂട്ടമായി പറന്നെത്തി.

ആയുസ്സെത്തിയും അകാലത്തിലുമായി തങ്ങളെ വിട്ടുപോയവരുടെ ആത്മാക്കളാണ് കാക്കകൾ എന്ന വിശ്വസത്തിൽ ബലിയർപ്പിച്ചവരും കൂടെ വന്നവരും നിർവൃതി പൂണ്ട് നിന്നു. അപ്പോൾ വൃദ്ധസദനത്തിൽ, വിറയ്ക്കുന്ന കൈകൂപ്പി അവർ ഈശ്വരനോട് പ്രാർഥിച്ചുകൊണ്ടിരുന്നു.

" എൻറെ ദൈവമേ ! അവിടുന്ന് ഞങ്ങളെക്കൂടി അങ്ങോട്ട് വിളിച്ചെങ്കിൽ കാക്കകളായി വന്നെങ്കിലും മക്കൾ തരുന്ന ഒരുപിടി ചോറുകഴിക്കാമായിരുന്നു................”

## 39
# ഏകയായ് വീഥിയിൽ

അന്നും പതിവുപോലെ  ഞാൻ സ്കൂളിലേക്കു പോകുകയാണ്. വഴി മദ്ധ്യേ എതിരേ വന്ന ശവ ഘോഷയാത്ര എൻറെ മനസിൽ നൊമ്പരങ്ങൾ ഉണ്ടാക്കി കടന്നു പോയി. മനുഷ്യജീവിതത്തിൻറെ നൊമ്പരത്തെകുറിച്ച് ഞാൻ വെറുതെ ചിന്തിച്ചു. സ്കൂളിൽ എത്തിയിട്ടും മനസ്സിൽ  എന്തോ ഒരു ദു:ഖം തങ്ങിനിൽക്കുന്നതായി തോന്നി. ടീച്ചർ പാഠഭാഗങ്ങൾ വാഹനങ്ങളേക്കാൾ വേഗതയിൽ പഠിപ്പിക്കുകയാണ്. പക്ഷെ എൻറെ മനസ്സ് അങ്ങ് ദൂരെ ഏതോ ദു:ഖത്തിൻറെ ഉറവിടം തേടി അലയുകയായിരുന്നു.
ആ അസ്വസ്ഥതയിൽ നിന്ന് രക്ഷപെടാൻ ഞാൻ ക്ലാസ് മുറിയിലേക്ക് ശ്രദ്ധതിരിച്ചുവിട്ടു. ഉച്ചയൂണിൻറെ ബഹളമൊക്കെ കഴിഞ്ഞ് എല്ലാവരും ഒത്തുകൂടിയിരിക്കുകയാണ്. ചിലർ പെൺകുട്ടികളുമായി സല്ലാപത്തിൽ ഏർപ്പെട്ടിര്ക്കുന്നു. മറ്റുചിലർ എന്തോ വായിച്ച് തീർക്കുന്നു. അങ്ങനെ എല്ലാവരും ഓരോ കാര്യത്തിൽ ഏർപ്പെട്ടിരിക്കുന്നു . എല്ലാവരുടെയും മുഖത്ത് സന്തോഷം പ്രതിഫലിച്ചുകാണാം. അവരിൽ ഒരാളായി മാറാൻ
ഞാൻ കൊതിച്ചു . പക്ഷെ ദു:ഖം ഒന്നിനും പങ്കുചേരാൻ അനുവദിക്കുന്നില്ല. ഈ അവസ്ഥയിൽ നിന്ന് രക്ഷനേടാൻ ഞാൻ ക്ലാസിന് വെളിയിലേക്ക് നടന്നു .സൂര്യൻ തൻറെ പ്രകാശം കൊണ്ട് എൻറെ ശരീരത്തെ ഉരുക്കുന്നതായി തോന്നി. കാറ്റ് ശരീരത്തെ തട്ടി ഉണർത്തി കടന്നുപോയി. അതിനിടയിൽ സ്കൂളിൽ നിന്നുയരുന്ന കോലാഹലങ്ങൾ കൊണ്ട് അവിടെ എല്ലാം ശബ്ദമുഖരിതമായിരുന്നു. അവിടെ ഒരു കോണിൽ ഏകാന്തമായി ഞാൻ ഇരുന്നു. മനസ്സിൻറെ ആഴങ്ങളിൽ അൽപനേരം ഉറങ്ങിക്കിടന്നിരുന്ന ദു:ഖം വീണ്ടും സടകുടഞ്ഞെഴുന്നേറ്റു. സമയം പതുക്കെ ചുവടുകൾ മുന്നോട്ടുവച്ചു.

സ്കൂളിലെ അവസാന പടിയും കടന്നു ജംഗ്ഷനിലേക്കു നീങ്ങി. പാതയോരത്ത് യാചകന്മാരുടെ ഒരു കൂട്ടം തന്നെ ഉണ്ട്. അവരുടെ വേദനനിറഞ്ഞ മുഖങ്ങളിലേക്ക് കൂടുതൽ ശ്രദ്ധിക്കാതെ നടന്നു . ജംഗ്ഷനിൽ എത്തി

ഒരു കടത്തിണ്ണയിൽ ഇരുന്നു. ഓർമ്മകളുടെ ഭാണ്ഡക്കെട്ട് വീണ്ടും അഴിഞ്ഞു. ഒരു കാർ മുന്നിൽ വന്ന് ബ്രേക്കിട്ട ശബ്ദം കേട്ടാണ് ചിന്തയിൽ നിന്നുണർന്നത്. അതിൽ നിന്ന് ഒരാൾ ഇറങ്ങി അടുത്തുള്ള മെഡിക്കൽ സ്റ്റോറിലേക്കു നടന്നു. കാറിനുള്ളിലേക്ക് ഞാൻ വെറുതെ ഒന്നു നോക്കി. അഞ്ചോ, ആറോ വയസ്സു തോന്നിക്കുന്ന ഒരു കുട്ടി അതിൽ ഉണ്ടായിരുന്നു. ആരേയും മയക്കുന്ന ഒരു പുഞ്ചിരി അവൻ എനിക്കു സമ്മാനിച്ചു. മുമ്പേ ഇറങ്ങിപ്പോയ ആൾ തിരിച്ചു വന്ന് കാറിൽ കയറി . വണ്ടി മുന്നോട്ട് നീങ്ങിയപ്പോൾ അവൻ കൈ ഉയർത്തി വീശിക്കാണിച്ചു. ആ കുട്ടിയുടെ ഓമനത്തം തുളുമ്പുന്ന മുഖം എൻറെ മനസ്സിൽ പതിഞ്ഞു. തിരിച്ച് വീട്ടിൽ എത്തിയപ്പോഴേക്കും അസ്വസ്ഥതകൾ ഒക്കെ മാറി മനസ്സിൻറെ ഭാരം കുറഞ്ഞതു പോലെ തോന്നി. ദിവസങ്ങൾ നിമിഷത്തിൻറെ വേഗതയിൽ മിന്നി മറഞ്ഞുകൊണ്ടിരുന്നു. പിന്നീട് പലപ്പോഴും ഞാൻ ആ കുട്ടിയെ കാണാറുണ്ടായിരുന്നു .അവൻ എൻറെ കൊച്ചു സുഹൃത്തായി മാറി . ആകാശത്ത് വട്ടമിട്ട് പറക്കുന്ന വർണ്ണ പക്ഷികൾ എൻറെ കണ്ണിൽപ്പെട്ടു. പെട്ടെന്നാണ് അവയിലൊന്ന് താഴേക്ക് വീണ് പിടഞ്ഞു പിടഞ്ഞു നിശ്ചലമായത്. മനസ്സിൽ ഏതോ ദു:ഖം വീണ്ടും മൊട്ടിട്ടുവോ? മനുഷ്യ ജീവിതം ദു:ഖിക്കാൻ വേണ്ടി മാത്രമാണോ? മനുഷ്യരുടെ ദു:ഖം കണ്ടിട്ട് ദൈവം ചിരിക്കുകയായിരിക്കുമോ? ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ മനസ്സിൽ കുന്നുകൂടിക്കിടന്നു. ഞാൻ സ്കൂളിൽ നിന്നിറങ്ങി നടന്നു ജംഗഷനിലെത്തിയപ്പോൾ ഒരു മൃതദേഹം വഹിച്ചു കൊണ്ടുപോകുന്ന യാത്രയാണ് ആദ്യം കണ്ടത് ജനനവും മരണവും ഒരു നിത്യ സംഭവമായി മാറിയിരിക്കുന്നു. മനുഷ്യൻ

കൂടുതൽ സൗകര്യങ്ങളുടെ പുറകെ പായുകയാണ്. ക്യാൻസർ ആയിരുന്നത്രേ , സ്കൂളിൽ വച്ചു പെട്ടെന്നാണ് മരണം സംഭവിച്ചതത്രേ . ആരുടെയോ ആ സംസാരം കേട്ടാണ് ഞാൻ ഉണർന്നത് . ശവമഞ്ചത്തിനകത്ത് വെറുതെ ഒന്നു നോക്കി . അതിനുള്ളിൽ എൻറെയാ കൊച്ചുസുഹൃത്ത് വെള്ള തുണിയും പുതച്ച് ശാന്തമായി ഉറങ്ങുന്നു. അപ്പോഴും അവൻറെ ചുണ്ടിൽ ആരേയും മയക്കുന്നആ പുഞ്ചിരി നിറഞ്ഞു നിന്നിരുന്നു. ഒന്നുകൂടെ

ആ മുഖത്തേക്കു നോക്കാനുള്ള ധൈര്യം  എനിക്കില്ലായിരുന്നു. ആകാശത്തു പാറിക്കളിച്ച ആ വർണ്ണ പക്ഷിയുടെ അന്ത്യ നിമിഷങ്ങൾ എൻറെ മനസ്സിൽ ഓടിയെത്തി. തലക്കുള്ളിലെ ഒരു അഗ്നിപർവ്വതം ഇരമ്പി. മനസ്സ് ചുട്ടുപൊള്ളുന്നതായി തോന്നിയ. നടന്നകലുമ്പോൾ മനസ്സ് മന്ത്രിച്ചു, മനുഷ്യാ നീ വിധിയുടെ കൈകളിലെ കളിപ്പാവകൾ മാത്രം.

